## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1688 — 11.02.2013 - ൽ മറുപടിയ്ക്ക്

### കുട്ടനാട്, ഇടുക്കി, വയനാട് പാക്കേജുകളുടെ പ്രവർത്തന പുരോഗതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മോൻസ് ജോസഫ്<br>„ സി. എഫ്. തോമസ്<br>„ റ്റി. യു. കുരുവിള<br>„ തോമസ് ഉണ്ണിയാടൻ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്, വയനാട് പാക്കേജ് എന്നിവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) | പ്രൊഫ. എം.എസ്. സ്വാമിനാഥന്റെ റിപ്പോർട്ടിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ അടിസ്ഥാനത്തിൽ 14207 കോടി രൂപയുടെ D P R കൾ തയ്യാറാക്കി കേന്ദ്രസർക്കാറിന്റെ അനുമതിക്കായി സമർപ്പിക്കുകയുണ്ടായി. ആയതിൽ 1266.68 കോടി രൂപയുടെ പദ്ധതികൾക്ക് നാളിതു വരെ 231.37 കോടി രൂപ റിലീസ് ചെയ്തിട്ടുള്ളതും 141.53 കോടി രൂപ വിനിയോഗിച്ചിട്ടുള്ളതുമാണ്.<br>പ്രൊഫ. എം.എസ്. സ്വാമിനാഥന്റെ ഇടുക്കി പാക്കേജ് റിപ്പോർട്ടിൽ 764.45 കോടി രൂപയാണ് പാക്കേജിന്റെ അടങ്കൽ തുക. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച D P R കൾ പ്രകാരം 238.92 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ 110.19 കോടി റിലീസ് ചെയ്യുകയും 79.07 കോടി രൂപ വിനിയോഗിച്ചിട്ടുള്ളതുമാണ്.<br>വയനാട് പാക്കേജിനായി അനുവദിച്ച 2500 ലക്ഷം രൂപയിൽ 1094.60 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇത്തരം പദ്ധതികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) | കുട്ടനാട്, ഇടുക്കി പാക്കേജുകളുടെ കാര്യമായ നിർവ്വഹണത്തിനായി 3 ഉന്നത കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി , കാർഷിക ഉത്പാദന കമ്മീഷണർ അദ്ധ്യക്ഷൻമാരായ ടി കമ്മിറ്റികൾ തുടർച്ചയായി യോഗം ചേർന്ന് പാക്കേജുകളുടെ പുരോഗതി വിലയിരുത്തുകയും പദ്ധതികൾ താമസം വിനാ നടപ്പാക്കുന്നതിലേക്കായുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. ഇതിലുപരി ജില്ലാതല കമ്മിറ്റികളും പദ്ധതികളുടെ അവലോകനം ചെയ്തു വരുന്നു. ഇവയ്ക്കു പുറമേ പദ്ധതികളുടെ നിർവഹണത്തിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി ബന്ധപ്പെട്ട മന്ത്രിമാർ അദ്ധ്യക്ഷൻ മാരായിട്ടുള്ള യോഗങ്ങൾ കൂടുകയും നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ